LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതി

120 (1987) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിൽ കൂടുതൽ വാഹനങ്ങളും മറ്റ് സൗകര്യങ്ങളും നൽകി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുവേണ്ടി കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുക, റെയിൻ കോട്ടുകൾ, സിഗ്നൽ ലൈറ്റ്, ബാറ്റൺ എന്നിവ നൽകി വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, കമ്പ്യൂട്ടറുകൾ, ഫർണിച്ചർ തുടങ്ങിയവ നൽകി എക്സൈസ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക ; എക്സൈസ് അക്കാദമിയുടെ നവീകരണം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും വേഗത്തിലും ആക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുക, ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) ഐ.ടി. മിഷൻ, ഐ.ടി. വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, നിർമ്മിതി കേന്ദ്രം.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ അനലറ്റിക്കൽ ലാബ് :

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമെ വിതരണം ചെയ്യുന്നുള്ളുവെന്ന് ഉറപ്പുവരുത്തുന്നതിനായി മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിന് വേണ്ടി നിലവിൽ തെക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ച് വരുന്നതും എറണാകുളം ജില്ല കേന്ദ്രീകരിച്ച് മൊബൈൽ ലാബ് ആരംഭിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി ലാബിന്റെ ആവശ്യത്തിനായി വാങ്ങിയ മിനി ബസിൽ ഫാബ്രിക്കേഷൻ വർക്കുകൾ നടത്തുന്നതിനും കെമിക്കൽസും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും ടെണ്ടർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കോഴിക്കോട് ജില്ല കേന്ദ്രീകരിച്ചും മൊബൈൽ ലാബ് തുടങ്ങുന്നതിന് വേണ്ടി ഒരു മിനി ബസ് വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കൽ :

എക്സൈസ് വകുപ്പിലെ തെരഞ്ഞെടുത്ത 12 എക്സൈസ് ചെക്പോസ്റ്റുകളിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിതികേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 1,22,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ചെക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

എക്സൈസ് അക്കാഡമിയുടെ നവീകരണം :

എക്സൈസ് അക്കാഡമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിന്മേൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. ആയതനുസരിച്ച് എക്സൈസ് അക്കാഡമിയിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

എക്സൈസ് എൻഫോഴ്സ്മെന്റ് :

2011-12 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ 33 ജീപ്പുകളും 5 കാറുകളും 2012-13 സാമ്പത്തിക വർഷത്തിൽ 70 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുള്ളതാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 48 മോട്ടോർ ബൈക്കുകൾ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയും ആയത് വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ 48 മോട്ടോർ ബൈക്കുകൾകൂടി അനുവദിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ഫോട്ടോ കോപ്പിയർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിലേക്കായി 10 ജീപ്പുകൾ, സിഗ്നൽ ലൈറ്റ്, ബാറ്റൺ, റെയിൻകോട്ട്, ലാത്തികൾ, ഡിജിറ്റൽ ക്യാമറകൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഫീൽഡ് യൂണിറ്റുകളിലെ അസി. എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കുകൾ വരെയുള്ള ഉദ്യോഗസ്ഥർക്ക് സിം കാർഡ് കണക്ഷൻ നൽകാൻ ഭരണാനുമതി നൽകിയിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

എക്സൈസ് വകുപ്പിലെ ഓഫീസുകളിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന് ഇ-ടെണ്ടറിംഗ് നടപടികൾ പൂർത്തീകരിച്ചു വരുന്നതുമാണ്. വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും ഇ.സി.ആർ.ബി.-യുടെ സുഗമമായ പ്രവർത്തനത്തിന് കേസുകളുടെയും കുറ്റവാളികളുടെയും വിവരം ശേഖരിക്കുന്നതിനാവശ്യമായ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയുമാണ്.

അബ്കാരി/എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എരുമേലി റേഞ്ച് രൂപീകരിച്ചതും അട്ടപ്പാടി ആദിവാസി മേഖലയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിനായും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിനും ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റളുകൾക്ക് 26000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122 രൂപ അനുവദിച്ച് വാങ്ങുകയുണ്ടായി.

കഞ്ചാവ് വിൽപ്പനയുമായി ബന്ധപ്പെട്ട കേസുകൾ

121 (1988) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 വർഷത്തിൽ ഇതേവരെ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly